I/69896/2022

**തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ്**
**ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം, ആലപ്പുഴ**
**ജില്ലാ ടൗൺ പ്ലാനറുടെ ഉത്തരവ്**
*(ഹാജർ : ശ്രീ. ജോസഫ് കെ. എഫ്.)*

വിഷയം – ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം, ആലപ്പുഴ – ആലപ്പുഴ നഗരസഭ- ആലപ്പുഴ വെസ്റ്റ് വില്ലേജ്- വാണിജ്യ കെട്ടിട നിർമ്മാണത്തിന് ആർട്ട് & ഹെറിറ്റേജ് കമ്മീഷന്റെ അംഗീകാരത്തോടെ കൺകറൻസ് നൽകി ഉത്തരവാകുന്നു.

പരാമർശം– 1) ആലപ്പുഴ നഗരസഭാ മുനിസിപ്പൽ സെക്രട്ടറിയുടെ 12.04.2022 തീയതിയിലെ E6-31311/18 നമ്പർ കത്ത്.
2) ആർട്ട് ആൻഡ് ഹെറിറ്റേജ് കമ്മീഷന്റെ 15.12.2021, 15.07.2022 എന്നീ തീയതികളിൽ കൂടിയ കമ്മിറ്റികളുടെ നടപടിക്കുറിപ്പുകൾ.

**ഉത്തരവ് നമ്പർ TCPALP/1105/2022-C/ കെ.ഡിസ്. തീയതി : 22-09-2022**

ആലപ്പുഴ നഗരസഭ, ആലപ്പുഴ വെസ്റ്റ് വില്ലേജിൽ, സർവ്വേ നമ്പർ 807/12/1, 807/12/2 (റീ സർവ്വേ നമ്പർ 3, 4) എന്നിവയിൽപ്പെട്ട 380.00 ചതുരശ്ര മീറ്റർ വിസ്തൃതിയുള്ള സ്ഥലത്ത് ഗ്രൗണ്ട് + ഫസ്റ്റ് + സെക്കന്റ് + ടെറസ്സ് ഫ്ലോറുകളിലായി 606.77 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടം (എഫ്.എസ്.ഐ. : 1.16, കവറേജ് : 56.70) നിർമ്മിക്കുന്നതിന് ശ്രീ. സാംരാജ്, കമാൽ ഗാർഡൻ, വഴിച്ചേരി വാർഡ് പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (2) പ്രകാരം ആർട്ട് ആൻഡ് ഹെറിറ്റേജ് കമ്മീഷൻറെ കമ്മിറ്റികളിൽ പരിഗണിക്കുകയും, നിബന്ധനകൾക്ക് വിധേയമായി കൺകറൻസ് അനുമതി നൽകുന്നതിന് തീരുമാനമെടുക്കുകയും ചെയ്തു.

ആയതിനാൽ, പ്രസ്തുത നിർമ്മാണത്തിന് താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി കൺകറൻസ് നൽകി ഉത്തരവാകുന്നു.

**i. നിബന്ധനകൾ**

പ്രസ്തുത നിർമ്മാണം KMBR 2019 ലെ ചട്ടങ്ങൾക്കും അനുബന്ധ ഭേദഗതികൾക്കും, ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമായിരിക്കണം.

**ii. പൊതു നിബന്ധനകൾ**

1. നിർദ്ദിഷ്ട നിർമ്മാണത്തിന്റെ മേൽക്കൂരയ്ക്ക് 35 ഡിഗ്രിയ്ക്കും 45 ഡിഗ്രിയ്ക്കും ഇടയിൽ തിരശ്ചീനമായി ചരിവ് നൽകേണ്ടതാണ്.
2. മുൻഭാഗത്തെ മേൽക്കൂര മാംഗ്ലൂർ പാറ്റേൺ (M.P.) ടെറാക്കോട്ടാ ടൈൽ (Natural colour) ഉപയോഗിച്ച് ഫിനിഷ് ചെയ്യേണ്ടതാണ്.
3. മേൽക്കൂരയ്ക്ക് ഉപയോഗിക്കുന്ന ചരിവ്, റൂഫ് ഫിനിഷുകൾ എന്നിവ തന്നെ സൺ ഷേഡിനും നൽകേണ്ടതാണ്.
4. കെട്ടിടത്തിന്റെ മുൻഭാഗം ഹെറിറ്റേജ് സോണിന്റെ സ്വഭാവവുമായി പൊരുത്തപ്പെടുന്നതായിരിക്കണം.
5. നിർദ്ദിഷ്ട പ്ലാൻ നിലവിലുള്ള തെരുവിന്റെ സ്വഭാവം നിലനിർത്തിയുള്ളതായിരിക്കണം.
6. പുറം ഭിത്തിയുടെ പ്രതലങ്ങൾ white or off white നിറത്തിൽ (with plain finish) പൂർത്തിയാക്കണം.
7. വാട്ടർ ടാങ്കുകൾ എന്തെങ്കിലും നൽകിയിട്ടുണ്ടെങ്കിൽ അവ അടുത്തുള്ള തെരുവുകളിൽ നിന്നോ പൊതു ഇടങ്ങളിൽ നിന്നോ കാണാതിരിക്കത്തക്ക വിധം സ്ഥാപിക്കേണ്ടതാണ്.

DESPATCHED
Date: 27/09/22

I/69896/2022

iii. പ്രത്യേക നിബന്ധനകൾ

1. റോഡ് അബട്ട് ചെയ്യുന്ന പ്ലോട്ട് അതിരിൽ ചുറ്റുമതിൽ നിർമ്മിക്കേണ്ടതാണ്. പ്രസ്തുത ചുറ്റുമതിലിന് മധ്യഭാഗത്ത് തുറന്നിരിക്കുന്ന ആർച്ച് നൽകേണ്ടതും, അതിന് ഇരുവശങ്ങളിലും ജാളി വർക്ക് നൽകേണ്ടതുമാണ്.
2. KMBR 2019 ചട്ടം (29) പ്രകാരം ആവശ്യമായ മാനുവറിങ്ങ് സ്പേസ് കിട്ടത്തക്ക വിധം താഴത്തെ നിലയിലെ പാർക്കിംഗ് ഏരിയ സജ്ജീകരിക്കേണ്ടതാണ്.

(അംഗീകരിച്ച കൺകറൻസ് നമ്പർ : *5 / 2022*)

**(ജോസഫ് കെ. എഫ്.)**
**ടൗൺ പ്ലാനർ**
**ആലപ്പുഴ**

ശ്രീ. സാംരാജ്,
കമാൽ ഗാർഡൻ,
വഴിച്ചേരി വാർഡ്,
ആലപ്പുഴ

പകർപ്പ് :

1) സെക്രട്ടറി, ആലപ്പുഴ നഗരസഭ ( സാക്ഷ്യപ്പെടുത്തിയ പ്ലാനുകൾ സഹിതം)
2) കരുതൽ ഫയൽ
3) അധികം.